"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് ഒരു ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.37/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 17.02.2020.**

പരാമർശം: 28.11.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ 7293/ടി&എ2/2019/സിആർഡി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഗ്രാമ വികസന കമ്മീഷണറേറ്റിൽ ഉണ്ടായിരുന്ന 3 അംബാസിഡർ കാറുകൾ 2017, 2018 വർഷങ്ങളിൽ കണ്ടം ചെയ്തിരുന്നു എന്നും ഇവയ്ക്ക് പകരമായി പുതിയ വാഹനം വാങ്ങിയിട്ടില്ലായെന്നും 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2515-00-001-44-21 -1(P) എന്ന സബ് ഹെഡിൽ 10 ലക്ഷം രൂപ വാഹനം വാങ്ങുന്നതിനും, 2515-00-001-44-34-3(P) എന്ന സബ് ഹെഡിൽ 50 ലക്ഷം രൂപ മറ്റ് ഇനത്തിലും വകയിരുത്തിയിട്ടുണ്ടെന്നും ഈ തുകയുപയോഗിച്ച് ഒരു ഇന്നോവ ക്രിസ്റ്റ കാർ GEM പോർട്ടൽ വഴി വാങ്ങാവുന്നതാണെന്നും GEM പോർട്ടലിൽ ഈ വാഹനത്തിന്റെ വില 13,07,910/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത തുകയും രജിസ്ട്രേഷൻ, ഇൻഷ്വറൻസ് എന്നിവയുടെ ചെലവുകളും ടി ബഡ്ജറ്റ് ഹെഡിൽ നിന്നും കണ്ടെത്തി വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് ഒരു ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. രജിസ്ട്രേഷൻ, ഇൻഷ്വറൻസ്, മറ്റ് ചെലവുകളും ഉൾപ്പെടെ 10 ലക്ഷം രൂപയിൽ അധികരിക്കുന്ന തുക 2515-00-001-44-34-3 (P) എന്ന ശീർഷകത്തിൽ നിന്നും 2515-00-001-44-21-1 (P) എന്ന ശീർഷകത്തിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതിലേക്കാവശ്യമായ പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ